KSFESA
C I T U

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No. 180/71, Kottappuram Road, Thrissur - 4**
**(Affiliated to C.I.T.U.R. No.K.1128)**
**E-mail : ksfesacitusc@gmail.com Web : www.ksfesa.com**

**President**
**Elamaram Kareem**
**Mob : 9400307786**

**General Secretary**
**S.Muraleekrishnapillai**
**Mob : 9446538432**

## സർക്കുലർ 8/2019

സഖാക്കളേ,

നമ്മുടെ സംഘടനയുടെ സംസ്ഥാന കമ്മിറ്റി യോഗം 25/09/2019 (ബുധനാഴ്ച) രാവിലെ 11.30 ന് CITU സംസ്ഥാന കമ്മിറ്റി ഓഫീസിൽ വച്ച് ചേർന്നു. സംസ്ഥാന ഭാരവാഹിയോഗം രാവിലെ 10.00 മണിക്ക് ചേർന്നു. സംസ്ഥാന വൈസ് പ്രസിഡന്റ് സ.പി.ദേവദാസ് അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

CITU സംസ്ഥാന കമ്മിറ്റി അംഗം സ. ടി.വേണുഗോപാൽ, കേന്ദ്രമന്ത്രിമാരായിരുന്ന സുഷമ സ്വരാജ്, അരുൺ ജെയ്റ്റ്ലി, പ്രശസ്ത ചലച്ചിത്രതാരം സത്താർ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

## <u>പ്രധാന തീരുമാനങ്ങൾ</u>

1. **ഓഫീസ് അറ്റന്റന്റ് ജീവനക്കാരുടെ 10% പ്രമോഷൻ; ഡിഗ്രി യോഗ്യത ഒഴിവാക്കുക.**

   8-8-2018 ലെ 61/2018-ാം നമ്പർ ഉത്തരവ് പ്രകാരം KSFE യിലെ ഓഫീസ് അറ്റന്റന്റ് ജീവനക്കാരുടെ പ്രമോഷൻ അനുപാതം 5% ൽ നിന്നും 10% ആയി ഉയർത്തപ്പെട്ടു. എന്നാൽ DCA യും ഡിഗ്രിയും യോഗ്യത ഉണ്ടാകണമെന്ന വ്യവസ്ഥ ജീവനക്കാരിൽ പ്രതിഷേധം ഉണ്ടാക്കി. നമ്മുടെ സംഘടനയും മാനേജ്മെന്റും അധികയോഗ്യത ഒഴിവാക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് സർക്കാരിന് കത്ത് നൽകുകയുണ്ടായി. ഇതിനെ തുടർന്ന് 10-5-2019 ലെ H2/40/2019-TAXES ഉത്തരവ് പ്രകാരം DCA യോഗ്യത ഒഴിവാക്കിയെങ്കിലും ഡിഗ്രി യോഗ്യത നിർബന്ധമാക്കുകയാണുണ്ടായത്. ഇത് തെറ്റായ നടപടിയാണ്. ധനമന്ത്രിയെ നേരിട്ട് നാം പ്രതിഷേധം അറിയിച്ചിട്ടുണ്ട്. മാനേജ്മെന്റ് ഈ വിഷയത്തിൽ അടിയന്തിരമായി ഇടപെടണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

2. **1/2014 സർക്കാർ ഉത്തരവ് പ്രകാരം സീനിയോറിട്ടിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ ഓഫീസ് അറ്റന്റന്റ് ജീവനക്കാരുടെ 10% പ്രമോഷൻ നടപ്പാക്കണമെന്ന ബഹു. ഹൈക്കോടതി ഉത്തരവ് നടപ്പാക്കുക.**

   1/2014 ഉത്തരവ് വഴി സർക്കാർ ജീവനക്കാർക്ക് ലഭിച്ച ആനുകൂല്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള മോട്ടോർ തൊഴിലാളി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ എന്നീ പൊതുമേഖലകളിലും നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ KSFE യിലും ഈ ഉത്തരവ് നടപ്പാക്കണമെന്ന ഹർജിയിൽ 1/2014 എന്ന ഉത്തരവ് KSFE യിലും നടപ്പാക്കണമെന്ന വിധിയാണ് ഹൈക്കോടതിയിൽ നിന്നും ഉണ്ടായത്. ഇത് KSFE യിൽ നടപ്പാക്കിയാൽ ഓഫീസ് അറ്റന്റന്റ് ജീവനക്കാരുടെ പ്രമോഷൻ അനുപാതം 20% ആയി ഉയരും. ആയതിനാൽ എത്രയുംവേഗം 1/2014 എന്ന ഉത്തരവ് KSFE യിൽ നടപ്പാക്കണമെന്ന് കാണിച്ച് സർക്കാരിനെ വീണ്ടും സമീപിക്കാൻ തീരുമാനിച്ചു.

3. **സെപ്റ്റംബർ റിവ്യൂ; ഓഫീസ് അറ്റന്റന്റ്/അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ അടിയന്തിരമായി PSC യ്ക്ക് റിപ്പോർട്ട് ചെയ്യുക.**

   KSFE യിൽ അസിസ്റ്റന്റ്/ഓഫീസ് അറ്റന്റന്റ് തസ്തികയിലെ ഒഴിവുകൾമൂലം സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനം തന്നെ അവതാളത്തിലാകുകയാണ്. KSFE യിലെ ബിസിന

സിനെയും കുടിശ്ശിക വരവിനെയും ഇത് ഗൗരവമായി ബാധിക്കുകയാണ്. സെപ്റ്റംബർ റിവ്യൂ പ്രകാരമുള്ള ഒഴിവുകൾ എത്രയും പെട്ടെന്ന് PSC യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നും ലിസ്റ്റ് വരുന്നതുവരെ ഒഴിവുകൾ നികത്താൻ നിയമപരമായ താൽക്കാലിക സംവിധാനം ഉണ്ടാകണമെന്നും മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. അതുപോലെ വർക്ക്മെൻ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം എത്രയും പെട്ടെന്ന് നടപ്പിലാക്കണമെന്ന് ആവശ്യപ്പെടാനും തീരുമാനിച്ചു.

4. **PTS തസ്തികയിലെ ഒഴിവുകൾ നികത്തുക.**

PTS തസ്തികയിലെ ഒഴിവുകൾ അടിയന്തിരമായി നികത്തണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

5. **പെർഫോമൻസ് ഇൻസെന്റീവ് അപാകതകൾ തീർത്ത് 7.75% നിരക്കിൽ അടിയന്തിരമായി വിതരണം ചെയ്യുക.**

ഓണം കഴിഞ്ഞാൽ 7.75% നിരക്കിൽ പെർഫോമൻസ് ഇൻസെന്റീവ് തുകയിൽ ലഭിക്കാനുള്ള ബാക്കിതുക വിതരണം ചെയ്യുമെന്ന് ബഹു.മുഖ്യമന്ത്രിയും ധനമന്ത്രിയും ഉറപ്പ് നൽകിയിരുന്നതാണ്. അതനുസരിച്ച് എത്രയും വേഗം ബാക്കി തുക വിതരണം ചെയ്യണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

നേരത്തെ ഇൻസെന്റീവ് തുക വിതരണം ചെയ്തതിലും അപാകത ഉണ്ടായിട്ടുണ്ട്. ഗ്രേഡ് പ്രമോഷനുകളിൽ ലഭിച്ച ഇൻക്രിമെന്റ് വർദ്ധനയുടെ ആനുകൂല്യം ഇൻസെന്റീവ് തുകയിൽ പ്രതിഫലിച്ചില്ലെന്നപരാതി ഉണ്ടായിട്ടുണ്ട്. 7.75% നിരക്കിൽ ഇൻസെന്റീവ് വിതരണം ചെയ്യുമ്പോൾ ഇതുകൂടി പരിഗണിക്കണമെന്നും ആവശ്യപ്പെടാൻ തീരുമാനിച്ചു.

ബോണസ്/ഇൻസെന്റീവ് ചർച്ചാ തീയതി ഓണത്തിന് തൊട്ടുമുമ്പ് വിളിക്കുന്നതുമൂലം അഡ്വാൻസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുകയാണ്. ഇതിൽ സംസ്ഥാന കമ്മിറ്റി പ്രതിഷേധിച്ചു. ഓണത്തിന് മുമ്പുള്ള അവസാനത്തെ പ്രവൃത്തി ദിനത്തിൽ മാത്രം ആനുകൂല്യം ശാഖയിലെത്തുന്നതുമൂലം പലർക്കും പണം പിൻവലിക്കാനും കഴിയുന്നില്ല. ആയതിനാൽ വരുംവർഷങ്ങളിൽ ഇത് മനസ്സിലാക്കി ചർച്ചാ തീയതി നിശ്ചയിക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

6. **AGM തസ്തികയിലേക്കുള്ള പ്രമോഷനുകൾ അനന്തമായി വൈകിപ്പിക്കുന്ന ക്രൂരവിനോദം അവസാനിപ്പിക്കുക.**

വർക്ക്മെൻ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പടിപടിയായ ഉദ്യോഗകയറ്റംമൂലം ലഭിക്കുന്ന ഉയർന്ന തസ്തികയാണ് അസിസ്റ്റന്റ് ജനറൽ മാനേജർ തസ്തിക. റിട്ടയർമെന്റിന്റെ പടിവാതിൽക്കൽ എത്തുമ്പോഴാണ് സാധാരണ പ്രമോഷൻ ലഭിക്കുന്നത്. ഇത് അനന്തമായി വൈകിപ്പിക്കുന്നത് ക്രൂരവിനോദമാണ്. അടിയന്തിരമായി AGM തസ്തികയിലേക്ക് പ്രമോഷൻ വഴി നിയമനം നൽകണമെന്നാവശ്യപ്പെടുന്നു.

7. **കാൻവാസിംഗ് ഏജന്റുമാരുടെ തൊഴിലവകാശം സംരക്ഷിക്കുക.**

സുവർണ ജൂബിലി കാലഘട്ടത്തിൽ വരിക്കാർക്ക് നൽകുന്ന ഒരു ഇൻസ്റ്റാൾമെന്റ് ആനുകൂല്യത്തിന്റെ മറവിൽ ഏജന്റ് വിഭാഗം ജീവനക്കാരുടെ തൊഴിലവകാശത്തിന് മേൽ നടത്തിയ കടന്നുകയറ്റം അംഗീകരിക്കാനാവില്ല. അടിയന്തിരമായി ഏജന്റ് വിഭാഗം ജീവനക്കാരുടെ സംഘടനയുമായി ചർച്ച ചെയ്ത് പ്രശ്നം രമ്യമായി പരിഹരിക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

8. **ജീവനക്കാരുടെ ശമ്പളപരിഷ്കരണം; ഒക്ടോബർ 15 ന് മാനേജ്മെന്റുമായി ചർച്ച**

ജീവനക്കാരുടെ ശമ്പളപരിഷ്കരണചർച്ച ഒക്ടോബർ 15 ന് ആരംഭിക്കുകയാണ്. അംഗങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒക്ടോബർ 10 ന് മുമ്പായി ജില്ലാകമ്മിറ്റി മുഖേന സംസ്ഥാന കമ്മിറ്റിക്ക് കൈമാറണമെന്ന് അഭ്യർത്ഥിക്കുന്നു. (നമ്മുടെ വെബ്സൈറ്റിലുള്ള ചാർട്ടർ ഓഫ് ഡിമാന്റ് പരിശോധിക്കുക).

### 9. 30 - 9 - 2019 ന്റെ ദേശീയ കൺവെൻഷൻ

കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ തൊഴിലാളിവിരുദ്ധ നയങ്ങൾക്കെതിരെ വിപുലമായ സമരപരിപാടിയ്ക്ക് രൂപം നൽകാൻ കേന്ദ്ര ട്രേഡ് യൂണിയനുകളുടെ കൺവെൻഷൻ 30-9-2019 ന് പാർലമെന്റ് സ്ട്രീറ്റിൽ നടക്കുകയാണ്. പ്രസ്തുത കൺവെൻഷനിൽ CITU വിനെ പ്രതിനിധീകരിച്ച് നമ്മുടെ സംഘടനയിൽ നിന്നും സഖാക്കൾ എസ്.മുരളീകൃഷ്ണപിള്ള, എസ്.സജു എന്നിവർ പങ്കെടുക്കണമെന്ന് തീരുമാനിച്ചു.

### 10. CITU പ്രവർത്തനഫണ്ട്

CITU പ്രവർത്തനഫണ്ട് 100 രൂപ അംഗങ്ങളിൽ നിന്നും ശേഖരിക്കാൻ തീരുമാനിച്ചു. PTS ജീവനക്കാരിൽ നിന്നും 50 രൂപയാണ് ശേഖരിക്കേണ്ടത്. ഒക്ടോബർ ആദ്യവാരം ഫണ്ട് സമാഹരണം നടത്തേണ്ടതാണ്.

### 11. മുത്തൂറ്റ് തൊഴിലാളികളുടെ അനിശ്ചിതകാല സമരം

തൊഴിലും തൊഴിലവകാശവും സംരക്ഷിക്കാനുള്ള മുത്തൂറ്റ് തൊഴിലാളികളുടെ അനിശ്ചിതകാല പണിമുടക്ക് ആരംഭിച്ചിട്ട് രണ്ട് മാസം കഴിഞ്ഞു. തുച്ഛ വരുമാനക്കാരായ തൊഴിലാളികൾ വിഷമത്തിലാണ്. ബോണസും മറ്റ് ആനുകൂല്യങ്ങളും അവർക്ക് നിഷേധിച്ചിരിക്കുകയാണ്. പണിമുടക്കുന്ന തൊഴിലാളികളെ സാമ്പത്തികമായി സഹായിക്കാൻ 20 രൂപ ക്രമത്തിൽ ഓരോ അംഗവും സംഭാവന ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ഫണ്ട് സമാഹരണവും ഒക്ടോബർ ആദ്യവാരം തന്നെ പൂർത്തിയാകണമെന്ന് അഭ്യർത്ഥിക്കുന്നു.

### 12. KSFE സുവർണ ജൂബിലി ആഘോഷങ്ങൾ; പ്രവാസിചിട്ടി

സുവർണ ജൂബിലി ആഘോഷങ്ങളും പ്രവാസിചിട്ടിയും വിജയിപ്പിക്കാൻ എല്ലാ അംഗങ്ങളും രംഗത്തിറങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു.

### 13. ശാഖാ നവീകരണം; തെറ്റായ പ്രവണതകളും ധൂർത്തും അവസാനിപ്പിക്കുക

ശാഖകളെ സമ്പൂർണ്ണമായി ശീതീകരിച്ചുകൊണ്ട് സ്ഥാപനത്തിന്റെ ആന്തരികവും ബാഹ്യവുമായ മോടി പിടിപ്പിക്കൽ കാലഘട്ടത്തിന്റ ആവശ്യം തന്നെയാണ്. സ്ഥാപനത്തിന്റെ മുന്നോട്ടു പോക്കിനും ഇതാവശ്യമാണ്. എന്നാൽ ഇതിന്റെ മറവിൽ നടക്കുന്ന തെറ്റായ പ്രവണതകളിൽ നിന്നും ധൂർത്തിൽ നിന്നും മാനേജ്മെന്റ് പിൻവാങ്ങണമെന്നാവശ്യപ്പെടുന്നു. ശീതീകരിച്ച ശാഖകളിൽ ജനറേറ്റർ സൗകര്യം ഉറപ്പു വരുത്താത്തത് തലതിരിഞ്ഞ വികസന നയമാണ്. പുതുതായി ആരംഭിച്ച റീജിയണൽ ഓഫീസുകളിൽ പോലും വൈദ്യുതി നിലച്ചാൽ മെഴുകുതിരി കത്തിച്ചുവച്ചുകൊണ്ട് ജോലി ചെയ്യേണ്ടി വരുന്ന അവസ്ഥ പരിതാപകരമാണ്. പുതുതായി നവീകരിച്ച പല ശാഖകളിലും നിർമ്മാണ വസ്തുക്കൾക്ക് ഗുണനിലവാരമില്ലെന്ന വിമർശനം ജീവനക്കാരിൽ നിന്നും ഉയർന്നു വരികയാണ്. ഹെഡ്ഡാഫീസിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള specification അനുസരിച്ചാണോ നിർമ്മാണം നടത്തുന്നതെന്ന് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിൽ ബന്ധപ്പെട്ട മാനേജർമാർ ഗുരുതര വീഴ്ചയാണ് വരുത്തുന്നത്. "കാട്ടിലെ തടി തേവരുടെ ആന" എന്ന നിസ്സംഗ സമീപനം പൊറുക്കാവുന്നതല്ല. പുതുതായി വച്ച ബോർഡുകളുടെ ചെലവ് കൂടുതലാണെന്ന പരാതി ഗൗരവമായി മാനേജ്മെന്റ് പരിശോധിക്കണം. KSFE കരിമ്പട്ടികയിൽ പെടുത്തിയ എറണാകുളത്തെ ഒരു സ്ഥാപനം വീണ്ടും അംഗീകൃത പാനലിൽ ഉൾപ്പെട്ടു എന്നു മാത്രമല്ല അവർ നവീകരിച്ച ശാഖകൾക്ക് ഗുണനിലവാരമില്ലെന്ന പരാതിയും ഉയർന്നിട്ടുണ്ട്. ഇത് KSFE യിലെ ഒരു ഓഫീസറുടെ അടുത്ത ബന്ധുവിന്റെ സ്ഥാപനമാണെന്നത് ഞെട്ടിക്കുന്ന സംഭവമാണ്. അടിയന്തിര അന്വേഷണവും നടപടിയും ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

അതുപോലെ തന്നെ കണക്ടിവിറ്റി പ്രശ്നം മൂലം ചുരുക്കം ചില ശാഖകളിൽ നിരന്തരമായി CASBA കിട്ടുന്നില്ല. പരിഹാര നിർദ്ദേശവുമില്ല. ജീവനക്കാരെയും വരിക്കാരെയും വട്ടം ചുറ്റിക്കുന്ന നയം തിരുത്തണം. ഈ ശാഖകളിൽ ജീവനക്കാർ കടുത്ത മാനസികസമ്മർദ്ദത്തിലാണ്. അടിയന്തിരമായി കണക്ടിവിറ്റി പ്രശ്നം പരിഹരിച്ച് സുഗമമായ CASBA യുടെ കണക്ടിവിറ്റി ഉറപ്പു വരുത്തണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടുന്നു. അല്ലാത്തപക്ഷം പ്രസ്തുത ശാഖകൾക്ക് മുന്നിൽ പ്രത്യക്ഷ സമരം സംഘടിപ്പിക്കുവാൻ സംഘടന നിർബന്ധിതമാകുമെന്ന് മുന്നറിയിപ്പ് നൽകുന്നു.

ചില ശാഖകളിൽ ബാറ്ററിയടക്കം പൊട്ടിത്തെറിച്ച സംഭവം ഉണ്ടായിട്ടുണ്ട്. പഴകിയ ബാറ്ററി യടക്കം പുനഃസ്ഥാപിക്കാത്തതാണ് കാരണം. കെട്ടിടം മോടി പിടിപ്പിക്കുന്നതിനോടൊപ്പം ശാഖകളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ പശ്ചാത്തല സൗകര്യം ഉറപ്പു വരുത്തുന്നതിലും മാനേജ് മെന്റിന്റെ ശ്രദ്ധ പതിയണമെന്ന് ആവശ്യപ്പെടുന്നു.

കഴിഞ്ഞ വർഷത്തെ ചിട്ടി പദ്ധതിയിൽ ചിട്ടിയിൽ ചേരുന്നവർക്കെല്ലാം കുട വാഗ്ദാനം ചെയ്തി രുന്നു. എന്നാൽ ഇത് സമയബന്ധിതമായി നൽകാതിരുന്നതുമൂലം വരിക്കാരുടെ രോഷം ഏറ്റുവാ ങ്ങേണ്ടിവന്നത് ജീവനക്കാരാണ്. ഇത്തവണ സമ്മാനം പ്രഖ്യാപിക്കുമ്പോൾ ഇത് ആവർത്തിക്കാതിരി ക്കാനുള്ള മുന്നൊരുക്കം ഉണ്ടാകണമെന്ന് ചർച്ചാവേളയിൽ നാം ആവശ്യപ്പെട്ടതാണ്. പഴയതിനെക്കാൾ മോശമായി ഇത്തവണ വീഴ്ച ആവർത്തിക്കുകയാണുണ്ടായത്. ഇത് കെടുകാര്യസ്ഥതയും ഉത്തരവാദി ത്തമില്ലായ്മയുമാണ്. ഇനിയും വൈകാതെ തിരുത്തൽ നടപടി ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

ഓഫീസർമാരുടെ അറിവോടെയും സമ്മതത്തോടെയും നടന്ന ഒറ്റപ്പെട്ട ചില സ്ഥാപനവിരുദ്ധ നടപടികളിൽ വർക്ക്മെൻ ജീവനക്കാരെ മാത്രം തെരഞ്ഞുപിടിച്ച് ശിക്ഷാനടപടികൾക്ക് വിധേയമാക്കു കയാണുണ്ടായത്. ഇത് തിരുത്തി സാമാന്യനീതി ഉറപ്പാക്കണമെന്ന് ആവശ്യപ്പെടുന്നു.

ബിസിനസ് വികസനത്തിലൂടെ സ്ഥാപനത്തെ മുന്നോട്ടു നയിക്കുന്ന ജീവനക്കാർക്ക് നൽകേണ്ട ഉപഹാരം കഴിഞ്ഞ നാല് വർഷമായി നൽകുന്നില്ല. പല തവണ ഈ പ്രശ്നം സംഘടന ഉയർത്തിയ താണ്. അനുഭാവപൂർവ്വം പരിഗണിക്കുമെന്ന ആവർത്തിച്ചുള്ള മറുപടി മാത്രമാണ് ഇതുവരെ ലഭിച്ച ഉപഹാരം. ജീവനക്കാരെ പരിഹസിക്കുന്ന നടപടികളിൽ നിന്നും പിൻവാങ്ങണമെന്നും അടിയന്തിര മായി ഉപഹാരം നൽകണമെന്നും ആവശ്യപ്പെടുന്നു.

**BPR** കമ്മിറ്റിയുടെ പ്രവർത്തനം അനന്തമായി നീട്ടിക്കൊണ്ടു പോകുന്നത് ആശാസ്യമായ പ്രവ ണതയല്ല. എത്രയുംവേഗം കമ്മിറ്റി റിപ്പോർട്ട് സംഘടനകൾക്ക് ചർച്ചയ്ക്കായി നൽകണം. മാനേജിംഗ് ഡയറക്ടറുടെ അധികാരങ്ങളിൽ കടന്നുകയറുന്ന ഡയറക്ടർ ബോർഡ് അംഗങ്ങളുടെ പ്രവർത്തനം നിരു ത്സാഹപ്പെടുത്തണം. റീജിയണൽ കോൺഫറൻസുകളിൽ ഡയറക്ടർ ബോർഡ് അംഗങ്ങളുടെ പ്രസംഗവും ഭീഷണിപ്പെടുത്തലും ഒഴിവാക്കണം. ഡയറക്ടർ ബോർഡ് അംഗങ്ങൾ നേരിട്ട് ജീവനക്കാരുടെ യോഗം വിളിക്കുന്നത് അവസാനിപ്പിക്കണം. ഇത്തരം യോഗങ്ങളിൽ നമ്മുടെ അംഗങ്ങൾ പങ്കെടുക്കരുതെന്ന് അഭ്യർത്ഥിക്കുന്നു.

സ്വർണ്ണപ്പണയ വായ്പാ പദ്ധതിയിൽ മാനേജ്മെന്റ് നിഷ്കർഷിക്കുന്ന തുക പല ശാഖകളിലും നൽകുന്നില്ലായെന്ന പരാതി മാനേജ്മെന്റ് ഗൗരവമായി കാണണം. ഇത് നിരീക്ഷിക്കുന്നതിനും തിരുത്തു ന്നതിനും റീജിയണൽ ഓഫീസുകൾ യാതൊരുവിധ നടപടിയും സ്വീകരിക്കുന്നില്ല. ആഴ്ചയിലൊരി ക്കലെങ്കിലും എല്ലാ ജീവനക്കാർക്കും അപ്രൈസർമാർക്കും ഏജന്റുമാർക്കും മൊത്തം വരിക്കാർക്കും മൊബൈൽ സന്ദേശം വഴി 24 കാരറ്റ് സ്വർണ്ണപ്പണയത്തിന് ലഭിക്കുന്ന പരമാവധി തുക സംബന്ധിച്ച സന്ദേശം നൽകാൻ കഴിയണം. മാനേജ്മെന്റ് ഈ വിഷയത്തിൽ കൂടുതൽ ഗൗരവമായി ഇടപെടണ മെന്നും ആവശ്യപ്പെടുന്നു.

14. **അടച്ചുപൂട്ടുന്ന മുത്തൂറ്റ് ശാഖകൾക്ക് സമീപം അടിയന്തിരമായി KSFE ശാഖകളും സ്വർണ്ണപ്പ ണയ വായ്പാ കൗണ്ടറുകളും ആരംഭിക്കണമെന്ന് കേരള സർക്കാരിനോട് ആവശ്യപ്പെടുന്നു.**

അഭിവാദനങ്ങളോടെ,

**എസ്.മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി
മൊബൈൽ : 9446538432

കൊല്ലം,
26-09-2019

GVP Blpm/2400516